KANNUR UNIVERSITY
കണ്ണൂർ സർവകലാശാല

**(സംഗ്രഹം)**

പ്രൈവറ്റ് രജിസ്ട്രേഷൻ -നിശ്ചയിച്ച തീയ്യതിക്കുശേഷം അസൈൻമെന്റുകൾ/പ്രോജക്ട് റിപ്പോർട്ടുകൾ/ടൂർ റിപ്പോർട്ടുകൾ/ഇൻഡസ്ട്രിയൽ വിസിറ്റ് റിപ്പോർട്ടുകൾ, ഇന്റേൺഷിപ്പ് റിപ്പോർട്ടുകൾ എന്നിവ സമർപ്പിക്കുന്നതിനു 300/- രു (മുന്നൂറ് രൂപാ മാത്രം) പിഴ ഇനത്തിൽ ഫീസ് നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

SLL1

SLL1/SLL1- I/314/2024 കണ്ണൂർ,തീയതി: 09.10.2025

---

പരാമർശം:-1. 15.07.2025 തീയതിയിലെ SLL1/SLL1- I/314/2024 നമ്പർ സർവ്വകലാശാല ഉത്തരവ്

2. 12.08.2025 തീയതിയിലെ 2025.622 ഇനം നമ്പർ സിണ്ടിക്കേറ്റ് യോഗ തീരുമാനം

3. 26.09.2025 തീയതിയിലെ 2025.752 ഇനം നമ്പർ സിണ്ടിക്കേറ്റ് യോഗ തീരുമാനം

**ഉത്തരവ്**

1.സ്കൂൾ ഓഫ് ലൈഫ് ലോങ്ങ് ലേണിംഗിന് കീഴിലെ പ്രൈവറ്റ് രജിസ്ട്രേഷൻ/വിദൂര വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിവിധ സേവനങ്ങൾക്കുള്ള ഫീസ് പരാമർശം (1) പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്.

2. പ്രൈവറ്റ് രജിസ്ട്രേഷനു കീഴിലെ വിവിധ യുജി/പിജി പ്രോഗ്രാമുകൾക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികൾ സർവകലാശാല നിശ്ചയിച്ചിട്ടുള്ള സമയത്തിനുള്ളിൽ അതാത് സെമസ്റ്ററുകളിലെ ബന്ധപ്പെട്ട കോഴ്സുകളുടെ അസൈൻമെന്റുകൾ/പ്രോജക്ട് റിപ്പോർട്ടുകൾ/ടൂർ റിപ്പോർട്ടുകൾ/ഇൻഡസ്ട്രിയൽ വിസിറ്റ് റിപ്പോർട്ടുകൾ, ഇന്റേൺഷിപ്പ് റിപ്പോർട്ടുകൾ എന്നിവ സമർപ്പിക്കേണ്ടതുണ്ട്.

3. സർവ്വകലാശാല അനുവദിക്കുന്ന സമയപരിധിക്കുള്ളിൽ മേൽ പരാമർശിച്ച റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ വീഴ്ച്ച വരുത്തുന്ന വിദ്യാർഥികളിൽനിന്നു സമയപരിധിക്കുശേഷം അവ സമർപ്പിക്കുന്നതിന് അനുവാദം ചോദിച്ചുകൊണ്ട് അപേക്ഷകൾ ലഭിക്കുന്ന സാഹചര്യത്തിൽ, അനുവദിച്ച സമയപരിധിക്കുശേഷം ഇത്തരം റിപ്പോർട്ടുകൾ സ്വീകരിക്കുന്നതിന് പിഴയായി ഒരു നിശ്ച്ചിത ഫീസ് നിശ്ചയിക്കുന്ന വിഷയം സിൻഡിക്കേറ്റിൻറെ പരിഗണനയ്ക്കായി സമർപ്പിക്കുകയും, സിൻഡിക്കേറ്റ് യോഗം, പരാമർശം 2 & 3 തീരുമാനപ്രകാരം പ്രസ്തുത വിഷയം പരിഗണിക്കുകയും വിദ്യാർത്ഥികളിൽ നിന്നും 'അസൈൻമെന്റുകൾ/പ്രോജക്ട് റിപ്പോർട്ടുകൾ/ടൂർ റിപ്പോർട്ടുകൾ/ഇൻഡസ്ട്രിയൽ വിസിറ്റ് റിപ്പോർട്ടുകൾ, ഇന്റേൺഷിപ്പ് റിപ്പോർട്ടുകൾ അനുവദിക്കപ്പെട്ട സമയപരിധിക്കുശേഷം ശേഷം, എന്നാൽ അവ സ്കൂൾ ഓഫ് ലൈഫ് ലോംഗ് ലേണിംഗിൽ നിന്ന് പരീക്ഷാ ബ്രാഞ്ചിന് കൈമാറുന്ന തീയതിക്ക് മുമ്പ് സ്കൂൾ ഓഫ് ലൈഫ് ലോംഗ് ലേണിംഗിൽ സ്വീകരിക്കുന്നതിന് 300 രൂപ (മുന്നൂറ് രൂപ മാത്രം) പിഴ ഇനത്തിൽ ഫീസ് നിശ്ചയിക്കാനുള്ള പ്രൊപോസൽ അംഗീകരിക്കുകയും ചെയ്തു.

University Order Malayalam of File SLL1/SLL1- I/314/2024 Approved by Director incharge (SLL) on 09-Oct-2025 10:39 AM - Page 1

4. പ്രസ്തുത സിൻഡിക്കേറ്റ് തീരുമാനം രജിസ്ട്രാർ നടപ്പിൽ വരുത്തിയത് അനുസരിച്ച്, 'അസൈൻമെന്റുകൾ/പ്രോജക്ട് റിപ്പോർട്ടുകൾ/ടൂർ റിപ്പോർട്ടുകൾ/ഇൻഡസ്ട്രിയൽ വിസിറ്റ് റിപ്പോർട്ടുകൾ, ഇന്റേൺഷിപ്പ് റിപ്പോർട്ടുകൾ എന്നിവ സ്കൂൾ ഓഫ് ലൈഫ് ലോംഗ് ലേണിംഗിൽ സമർപ്പിക്കുന്നതിനു അനുവദിക്കപ്പെട്ട സമയപരിധിക്കുശേഷം ശേഷം, എന്നാൽ അത് സ്കൂൾ ഓഫ് ലൈഫ് ലോംഗ് ലേണിംഗിൽ നിന്ന് പരീക്ഷാ ബ്രാഞ്ചിന് കൈമാറുന്ന തീയതിക്ക് മുമ്പ് സ്കൂൾ ഓഫ് ലൈഫ് ലോംഗ് ലേണിംഗിൽ സ്വീകരിക്കുന്നതിന് പിഴ ഇനത്തിൽ 300/- രു (മുന്നൂറ് രൂപ മാത്രം) ഫീസ് സിൻഡിക്കേറ്റ് തീരുമാനം പ്രകാരം നിശ്ച്ചയിച്ചുകൊണ്ട് ഉത്തരവായിരിക്കുന്നു.

5. പരാമർശം (1) ലെ സർവ്വകലാശാല ഉത്തരവ് തദനുസൃതമായി പുതുക്കി ഉത്തരവാകുന്നു.

6. യഥാവിധി ഉത്തരവ് പുറപ്പെടുവിക്കുന്നു.

*ഒപ്പ്/-*

SUDHAKARAN M

**ഡയറക്ടർ ഇൻചാർജ് (എസ് എൽ എൽ )**

സ്വീകർത്താവ്:ധനകാര്യവിഭാഗം/അന്വേഷണവിഭാഗം/കമ്പ്യൂട്ടർ പ്രോഗ്രാമർ/വെബ് മാനേജർ (സർവകലാശാല വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യാൻ)/ പരീക്ഷ വിഭാഗം /SLL-ൻ്റെ എല്ലാ വിഭാഗങ്ങൾക്കും

പകർപ്പ്: പിഎസ് ടു വിസി/ പിഎ ടു ആർ/ പിഎ ടു സിഇ/ പിഎ ടു എഫ്ഒ/ ഡിആർ, എസ് എൽ എൽ/കെ .എസ്.എ.ഡി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

University Order Malayalam of File SLL1/SLL1- I/314/2024 Approved by Director incharge (SLL) on 09-Oct-2025 10:39 AM - Page 2